പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5428 31.10.2016 ൽ മറുപടിയ്ക്ക്

## സെറിബ്രൽപാഴ്സി രോഗം

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്

മറുപടി

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രി)

| | |
|---|---|
| സെറിബ്രൽപാഴ്സി രോഗം ബാധിച്ച കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നത്; വിശദവിവരം നൽകുമോ? | സെറിബ്രൽപാൾസി ഉൾപ്പെടെയുള്ള എല്ലാ അംഗപരിമിതരായ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്. സെറിബ്രൽപാൾസി ചികിത്സയിലുള്ള അംഗപരിമിതർക്ക് ചികിത്സാ ധനസഹായമായി കോർപ്പസ് ഫണ്ടിൽ നിന്നുള്ള പലിശയിനത്തിൽ നിന്നും പരമാവധി 5000/- രൂപ അനുവദിക്കുന്നു. നാഷണൽ ട്രസ്റ്റ് ആക്ട് 1999 ന്റെ വ്യവസ്ഥകൾ പ്രകാരം സെറിബ്രൽപാൾസി രോഗ ബാധിതരായ കുട്ടികളുടെ സംരക്ഷണത്തിനായി ലീഗൽ ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ് നൽകി വരുന്നു.<br>സെറിബ്രൽപാൾസി രോഗം ബാധിച്ച കുട്ടികളെ പരിചരിക്കുന്നയാൾക്ക് ആശ്വാസകിരണം പദ്ധതിയിലൂടെ 525/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം നൽകി വരുന്നു<br>സെറിബ്രൽപാൾസി മൂലം ചലനവൈകല്യമുള്ള രോഗം ബാധിച്ച കുട്ടികൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന വൈകല്യ നിർണ്ണയ ക്യാമ്പിലൂടെ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം നൽകി വരുന്നു.<br>സെറിബ്രൽപാൾസി രോഗം ബാധിച്ച കുട്ടികൾക്ക് വിവിധ തെറാപ്പികളും വിദ്യാഭ്യാസവും നൽകുന്ന സ്ഥാപനമായ തൃശ്ശൂർ ഇരിങ്ങാലക്കുടയിലെ National Institute of Physical Medicine & Rehabilitation ലെ ഭൌതിക സാഹചര്യം ഒരുക്കുന്നതിനുള്ള ധനസഹായം കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നൽകി വരുന്നു. |

| | |
|---|---|
| | കൂടാതെ സെറിബ്രൽപാൾസി രോഗം ബാധിച്ച കുട്ടികൾക്ക് കേരളത്തിലെ തെരഞ്ഞെടുത്ത ആശുപത്രികളിലൂടെ സൌജന്യ ചികിത്സ താലോലം എന്ന പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. സൌജന്യ ചികിത്സ നടപ്പിലാക്കി വരുന്ന ആശുപത്രികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>1. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം<br>2. എസ്.സി.റ്റി.ഐ.എം.എസ്.റ്റി, തിരുവനന്തപുരം<br>3. എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം<br>4. ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം<br>5. ഗവ.മെഡിക്കൽ കോളേജ്, കോട്ടയം<br>6. ഐ.എം.സി.എച്ച്, കോട്ടയം<br>7. ഗവ.മെഡിക്കൽ കോളേജ്, തൃശ്ശൂർ<br>8. ഗവ.ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ<br>9. ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട്<br>10. ഐ.എം.സി.എച്ച്, കോഴിക്കോട്<br>11. ഗവ.മെഡിക്കൽ കോളേജ്, എറണാകുളം<br>12. പരിയാരം സഹകരണ ആശുപത്രി, കണ്ണൂർ<br>13. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ<br>14. ജനറൽ ഹോസ്പിറ്റൽ, ആലുവ<br>15. ICCONS, ഷൊർണ്ണൂർ<br>16. ICCONS, തിരുവനന്തപുരം<br>17. ഗവ.മെഡിക്കൽ കോളേജ്, മഞ്ചേരി<br>18. ഗവ.മെഡിക്കൽ കോളേജ്, ആലപ്പുഴ |

സെക്ഷൻ ഓഫീസർ